യോഹ. 16:5-15

**2023 മെയ് 28**

# വചനസന്ദേശം

**ഫാ. ജോൺ തൈപ്പറമ്പിൽ**

<u>പന്തക്കുസ്താനുഭവം</u>

ഒരു സ്കൂളിൽ പെൻസിൽ ഡ്രോയിങ് മത്സരം നടക്കുകയാണ്. ഒത്തിരി കുട്ടികൾ ആവേശത്തോടെ മത്സരിക്കാൻ എത്തിയിരിക്കുന്ന ആ ക്ലാസ് മുറിയിൽ അലനും ഉണ്ടായിരുന്നു. പെൻസിൽ ഡ്രോയിങ്ങിന്റെ വിഷയം കുടുംബം എന്നായിരുന്നു. ഒരു മണിക്കൂറോളം നീണ്ട മത്സരത്തിനൊടുവിൽ 40 ഓളം വരുന്ന കുട്ടികളുടെ ചിത്രങ്ങൾ ടീച്ചർ കളക്ട് ചെയ്തു. ഏറ്റവും മികച്ച ചിത്രങ്ങളിൽ ഒന്നാമത്തേത് അലന്റേതായിരുന്നു. അവന്റെ ചിത്രത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. അതെന്താണെന്നോ? അവന്റെ ചിത്രത്തിലെ കുടുംബത്തിൽ അമ്മയുണ്ട്. കൂടപ്പിറപ്പുകളും വളർത്തുനായയും ഉണ്ട്. പൂന്തോട്ടവും കളിപ്പാട്ടങ്ങളും ആ ചിത്രത്തെ മനോഹരമാക്കുന്നു. പക്ഷേ, അപ്പനെ മാത്രം ആ ചിത്രത്തിൽ കാണാനില്ല. ചിത്രം മികച്ചതാണെങ്കിലും ഫസ്റ്റ് നൽകാനുള്ള അവസാന തീരുമാനത്തിനായി ടീച്ചർ ചിത്രവുമായി ഹെഡ്മാസ്റ്ററുടെ അടുത്തെത്തി. അലന്റെ പപ്പയെ ഹെഡ്മാസ്റ്ററിന് നല്ലപോലെ അറിയാമായിരുന്നു. ഒടുവിൽ ഹെഡ്മാസ്റ്റർ അലനെ വിളിച്ച് ചിത്രത്തിൽ പപ്പ ഇല്ലല്ലോ അതിന് എന്താണ് കാരണമെന്ന് അന്വേഷിച്ചു. അപ്പോൾ അലന്റെ മറുപടി ഇങ്ങനെയായിരുന്നു 'ഞാൻ പപ്പയെ കാണാറേയില്ല. ഒരുപാട് നേരത്തെ പപ്പ ഉണർന്ന് ജോലിക്ക് പോകും. പിന്നെ വൈകിയേ വരൂ. ആകെ വീട്ടിലുള്ള ഞായറാഴ്ച മാത്രമേ ഞാൻ പപ്പയെ കാണാറുള്ളൂ...'' പരിഭവങ്ങളിൽ അവൻ മാറ്റിനിർത്തിയ പപ്പയുടെ അധ്വാനത്തെക്കുറിച്ച് അറിയാമായിരുന്ന ഹെഡ്മാസ്റ്റർ അവന്റെ ചിത്രത്തിനു തന്നെ ഒന്നാം സ്ഥാനം നൽകി. സമ്മാനാർഹനായ തന്റെ മകൻ വരച്ച ചിത്രം കണ്ട അലന്റെ പപ്പ അവനെ അനുമോദിച്ചെങ്കിലും അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. രാവന്തിയോളം പണിയെടുത്ത് കുടുംബം പോറ്റുന്ന തന്നെ മനസ്സിലാക്കാൻ സാധിക്കാതെ പോയ മകനെ കുറിച്ചുള്ള തേങ്ങലായിരുന്നു അത്. സ്നേഹപ്രകടനങ്ങൾക്ക് സമയമില്ലാതെ കഷ്ടപ്പാടുകൾ ഏറ്റെടുക്കുന്ന അവന്റെ പപ്പയുടെ സ്നേഹത്തിന്റെ ഭാഷ അറിയാൻ അലന് കഴിയാതെ പോയി.

ജനറേഷൻ ഗ്യാപ്പ് എന്ന വലിയ പ്രതിസന്ധിയിൽ തകരുന്ന കുടുംബങ്ങൾ ഇന്ന് ഏറെയാണ്. പഴയ തലമുറയുടെ ഭാഷ പുതിയ തലമുറയ്ക്കോ പുതുമയുടെ ഭാഷ പഴമക്കാർക്കോ മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയുന്നില്ല. എന്തിനേറെ, സ്വന്തം അപ്പന്റെ ഭാഷ തിരിയാത്ത മക്കളും മക്കളുടെ ഭാഷ മനസ്സിലാകാത്ത മാതാപിതാക്കളും ഇതിൽ പെടുന്നുണ്ട്. ഒരുതരത്തിൽ പറഞ്ഞാൽ ബാബേൽ അനുഭവങ്ങളുടെ ഒരു വേദിയായി നമ്മുടെ കുടുംബങ്ങൾ മാറുന്നു.

എന്താണ് ബാബേൽ അനുഭവം? ഉല്പത്തി പുസ്തകം പതിനൊന്നാം അധ്യായത്തിൽ ഒരു കഥ പറയുന്നുണ്ട്. മഹാജല പ്രളയത്തിനു ഒടുവിൽ ഭൂമുഖത്ത് രക്ഷപ്പെട്ട നോഹയുടെ പുത്രന്മാർ വളർന്ന് ശക്തരായ ഒരു വലിയ ജനതയായി മാറുന്നുണ്ട്. അന്ന് ഭൂമിയിൽ ഒരു ഭാഷയും സംസാരരീതിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് വചനം പറയുന്നു (ഉൽപ. 11:4). അവരിൽ കിഴക്കുനിന്നു വന്നവർ ഷീനാറിലെ ഒരു സമതല പ്രദേശത്ത് ആകാശംമുട്ടുന്ന ഒരു ഗോപുരവും പട്ടണവും നിർമ്മിച്ച് പ്രശസ്തി നിലനിർത്താൻ ആഗ്രഹിച്ചു. അവരുടെ ഈ പ്രശസ്തിക്കായുള്ള ഉദ്യമത്തെ ഇഷ്ടപ്പെടാതിരുന്ന ദൈവം അവരുടെ ഭാഷ ഭിന്നിപ്പിച്ചു. ഒരേ ഭാഷ സംസാരിച്ചെങ്കിലും ഒരേ ലക്ഷ്യത്തോടെ ഒരേ ജോലിയിൽ ഏർപ്പെട്ടിരുന്നുവെങ്കിലും അവർക്ക് പരസ്പരം ഭാഷ തിരിച്ചറിയാതെ പോയി.

ഒന്നായിരുന്നിട്ടും പരസ്പരം അറിയാതെ പോകുന്നവരുടെ ഇടമാണ് ബാബേൽ ഗോപുരങ്ങൾ.

ഇതേ ദൈവം തന്നെ തന്റെ മുക്കുവരും സാധുക്കളും ആയിരുന്ന ശിഷ്യരുടെ ഭാഷ ഉപയോഗിച്ച് മറ്റൊരു അത്ഭുതം പ്രവർത്തിക്കുന്നുണ്ട് പന്തക്കുസ്തായിൽ. പരിശുദ്ധാത്മാവിൽ നിറഞ്ഞ ശിഷ്യസമൂഹം ക്രിസ്തുവിനെ കുറിച്ച് പറയാൻ എത്തുന്നിടത്ത് പാർത്തിയക്കാരും മേദിയാക്കാരും എലാമിയാക്കാരും മെസപൊട്ടോമിയൻ നിവാസികളും തുടങ്ങി നിരവധി ഭാഷക്കാരായ അനേകം യഹൂദർ ഉണ്ടായിരുന്നു. ശിഷ്യസമൂഹം തങ്ങളുടെ സ്വന്തം മാതൃഭാഷയിലാണ് സംസാരിച്ചത്. എന്നാൽ, അവിടെ കൂടിയിരുന്ന ജനം ശ്രവിച്ചതോ അവരവരുടെ മാതൃഭാഷകളിലും!!

ബാബേൽ അനുഭവങ്ങളിൽനിന്നും പന്തക്കുസ്താ അനുഭവത്തിലേക്കുള്ള ക്ഷണമാണ് ഓരോ പന്തക്കുസ്തായിലൂടെയും പരിശുദ്ധാത്മാവ് നമുക്കു നൽകുന്നത്.
ഈ പന്തക്കുസ്താ അനുഭവം സ്വന്തമാക്കാൻ നമുക്ക് കഴിഞ്ഞാൽ നമ്മുടെ കുടുംബങ്ങൾ സ്വർഗതുല്യമാകും. വാചാലനാകാത്ത അപ്പന്റെ നിശ്ശബ്ദ സ്നേഹത്തെ വായിച്ചെടുക്കാനും കഷ്ടപ്പാടുകളുടെ ഭാര

ങ്ങൾ മറയ്ക്കുന്ന അമ്മയുടെ പുഞ്ചിരിയിലെ നോവനുഭവങ്ങളെ മനസ്സിലാക്കാനും കൂടപ്പിറപ്പിന്റെ കുറുമ്പുകൾക്കപ്പുറമുള്ള സ്നേഹിക്കുന്ന ഹൃദയം കാണാനും നമ്മുടെ ഹൃദയങ്ങൾ വിശാലമാകും. ഉപദേശങ്ങളുടെ ആൾരൂപങ്ങളായി മാത്രം മുദ്ര ചാർത്തി മാറ്റി നിർത്തിയിരിക്കുന്ന നമ്മുടെ വല്യപ്പച്ചന്റെയും വല്യമ്മച്ചിയുടെയും വാക്കുകളിലെ നന്മയുടെ പൊരുൾ അറിയാൻ നമ്മുടെ മിഴി തുറക്കും. നമുക്ക് ആത്മനിറവിനായി പ്രാർത്ഥിക്കാം. വിശ്വാസങ്ങളിലെ പോലും ഭാഷയെ വായിച്ചെടുക്കാൻ തക്ക ഹൃദയ ഐക്യമുള്ള ഇടങ്ങളായി നമ്മുടെ കുടുംബങ്ങളെ മാറ്റണമെന്ന പ്രാർത്ഥനയോടെ ഒരു പന്തക്കുസ്താ അനുഭവത്തിനായി നമുക്ക് ഒരുങ്ങാം. എ